സ്വകാര്യ പ്രചരണത്തിനു മാത്രം

ECHOES INDIA

ശ്രീ രാം ചന്ദ്ര മിഷൻ®

ജൂലായ് 2014

വാല്യം 7 ലക്കം 4



## മണപ്പാക്കത്ത് നിന്നുള്ള വാർത്തകൾ

**2014 മെയ്**

**ഭണ്ഡാരയ്ക്ക് ശേഷം:** ഭണ്ഡാര സമാപിച്ചതിനാൽ അഭ്യാസികൾ ആശ്രമത്തിൽനിന്ന് തിരിച്ച് പോകാൻ തുടങ്ങുമെന്നും അതോടെ ആശ്രമം വിജനമാകുമെന്നും മാസ്റ്റർ സങ്കടപ്പെട്ടു. ഉത്സവത്തിലെ മൂന്ന് ദിവസങ്ങളിലും രാവിലെയുള്ള സത്സംഗം നടത്തിയത് മാസ്റ്ററാണെന്നുള്ള സവിശേഷതയുണ്ട് ഈ ഭണ്ഡാരയ്ക്ക്. നല്ല ആരോഗ്യവാനായിരുന്നു അദ്ദേഹം. സാധ്യമാകുമ്പോഴെല്ലാം അദ്ദേഹം കോട്ടേജിൽ യോഗങ്ങളും ചർച്ചകളും നടത്തിയിരുന്നു. മെയ് മൂന്ന് ശനിയാഴ്ച്ച രാവിലെ പ്രാതലിനുശേഷം മാസ്റ്റർ ധാരാളം അഭ്യാസികളെ കാണുകയും അവർക്ക് സിറ്റിംഗ് നൽകാൻ താത്പര്യപ്പെടുകയും ചെയ്തു. ആരെയൊക്കെ സിറ്റിംഗിനായി വിളിക്കണമെന്ന കാര്യത്തിലദ്ദേഹം തികഞ്ഞ നിഷ്കർഷ പുലർത്തിയിരുന്നു. നീണ്ടുനിൽക്കുന്ന ഈ സിറ്റിംഗുകൾ നൽകുമ്പോൾ മറ്റുള്ളവരോട് പുറത്തിരിക്കുവാനദ്ദേഹം ആവശ്യപ്പെട്ടു. അതിനുശേഷം തന്റെ ഓഫിസ്സ്മുറിയിൽ ഒരുകൂട്ടം അഭ്യാസികളുമായി മാസ്റ്റർ സംസാരിച്ചു.

**പുതിയ ഗോൾഫ് കാർട്:** അഴിച്ചെടുക്കാൻ പറ്റുന്ന, ഇലക്ട്രോണിക് സാങ്കേതികവിദ്യയുപയോഗിച്ച് നിയന്ത്രിക്കാൻ സാധിക്കുന്ന ഇരിപ്പിടത്തോട് കൂടിയ ഒരു പുതിയ ഗോൾഫ് കാർട് മാസ്റ്റർക്കായ് തയ്യാറാക്കിയിരുന്നു. ഈ വാഹനവുമായി വീൽചെയർ ഘടിപ്പിക്കാൻ സാധിക്കുമെന്ന് മാത്രമല്ല, മാസ്റ്ററെ വീൽചെയറോടുകൂടി വാഹനത്തിലേയ്ക്കുയർത്തി സൗകര്യപ്രദമായി അതിലിരിക്കുവാനും സഹായിക്കും. മാസ്റ്റർ ഈ വാഹനത്തിൽ ഒരാവർത്തി സഞ്ചരിക്കുകയും അതിന്റെ പ്രവർത്തനത്തിൽ ആ കൃഷ്ടനാവുകയും ചെയ്തു. ഇത് അദ്ദേഹത്തിനെ എളുപ്പത്തിൽ വാഹനത്തിലേക്ക് കയറാനും ഇറങ്ങാനും സഹായിച്ചു. പതിവായി ഇതുപോലെ സഞ്ചരിക്കുവാൻ അദ്ദേഹം താത്പര്യപ്പെട്ടു.

പേരമകൻ ഭാർഗ്ഗവ് സ്ഥലത്തുള്ളതിനാൽ മാസ്റ്റർ പേരക്കുട്ടിയുടെയും കുടുംബത്തിന്റെയുമൊപ്പം സമയം ചെലവഴിച്ചു. അദ്ദേഹം വിശ്രമിക്കാൻ പോകാതെ സംസാരിച്ചിരുന്നു. വൈകുന്നേരം അഞ്ചരയ്ക്ക് ഭാർഗ്ഗവ് ഓടിച്ച പുതിയ ഗോൾഫ് കാർടിൽ, മാസ്റ്റർ ഒരു പ്രദക്ഷിണം നടത്തി.

ചില ദിവസങ്ങളിൽ മാസ്റ്റർ തന്റെ ദിനചര്യകളിലേയ്ക്ക് മടങ്ങി വന്നു. ധ്യാനത്തിനായി പുലർച്ചെ അഞ്ച് മണിക്കെഴുന്നേൽക്കുക, വാർത്തകൾ വായിച്ച് കേൾക്കുക, പ്രാതൽ കഴിക്കുക, ഇ–മെയിലുകൾ പരിശോധിക്കുക തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ ദിനചര്യകൾ. ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പിനെപ്പറ്റിയുള്ള വാർത്തകൾ അദ്ദേഹം സസൂക്ഷ്മം വീക്ഷിച്ചിരുന്നു. പൂർണ്ണ നിശ്ശബ്ദതയോടെ ടെലിവിഷൻ വാർത്തകൾ കാണുന്ന അദ്ദേഹം എല്ലാ സംഭവങ്ങളും അവലോകനം ചെയ്യുന്നുണ്ടായിരുന്നു. എക്സിറ്റ്പോൾ ഫലങ്ങൾ കാണുന്നതിലും കമന്റേറ്റർമാരുടെ നിരീക്ഷണങ്ങൾ കേൾക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

**ഗുരുഭായ്യുടെ കുടുംബത്തിന്റെ സന്ദർശനം:** ബാബുജിമഹരാജിന്റെ ഗുരുഭായ്കളിൽ ഒരാളുടെ കുടുംബം മാസ്റ്ററെ കാണാൻ വന്നു. വളരെ ക്ഷീണിതനായിരുന്നെങ്കിലും മാസ്റ്റർ അവരെ കാണുകയും വിശ്രമവേളയായിരുന്നിട്ട്കൂടി അവർക്കെല്ലാവർക്കും ഒരു സിറ്റിംഗ് നൽകുകയും ചെയ്തു.

മഹാദേവ്, മഹാഭാരതം, ബുദ്ധ എന്നീ ടിവി സീരിയലുകൾ മാസ്റ്റർ കാണാറുണ്ട്. ഈ എപ്പിസോഡുകൾ








കാണുന്നതിലൂടെ താൻ ധാരാളം കാര്യങ്ങൾ പഠിക്കുന്നുണ്ടെന്ന് മാസ്റ്റർ ഒന്നിലധികം തവണ പറഞ്ഞു.

അദ്ദേഹത്തിൻെറ കൂടെയിരുന്ന് ഇത് കാണുന്ന പല അഭ്യാസികൾക്കും ഹിന്ദി നല്ല വശമില്ലാത്തതിനാൽ കാണുന്ന അദ്ധ്യായങ്ങളിലെ സംഭാഷണങ്ങൾ അദ്ദേഹം അവർക്കായി പരിപാടിയിലുടനീളം വിവർത്തനം ചെയ്ത് കൊണ്ടേയിരുന്നു.

മെയ് 19–ന് മാസ്റ്റർ കാലത്ത് 10:30 യോടെ ഒരു ഷോപ്പിംഗ് മാളിലേക്ക് പോയി. അവിടെ കുറേനേരം ചിലവിട്ട അദ്ദേഹം 2 മണിയോടെയാണ് ഭക്ഷണശാലയിലേക്ക് പോയത്. ഏകദേശം പതിനഞ്ച് അഭ്യാസികളുമൊത്ത് അദ്ദേഹം ഉച്ചഭക്ഷണം കഴിച്ചു. വളരെക്കുറച്ച് ഭക്ഷണം മാത്രമെ കഴിച്ചുള്ളുവെങ്കിലും ബാക്കിയെല്ലാവർക്കും മതിയാവോളം ഭക്ഷണമുണ്ടെന്ന് മാസ്റ്റർ ഉറപ്പുവരുത്തി. ഒരു സമ്പൂർണ്ണ ആതിഥേയനായിരുന്നു അവിടെ അദ്ദേഹം. നിർഭാഗ്യവശാൽ ഈ യാത്ര അദ്ദേഹത്തിനെ വളരെ ക്ഷീണിതനാക്കി, അദ്ദേഹത്തിന് ശരീരവേദനയുമുണ്ടായി. തുടർന്നുള്ള രണ്ട് ദിവസങ്ങളിൽ മാസ്റ്റർക്ക് പനി ബാധിച്ചു, തുടർന്ന് ഡോക്ടർമാർ അദ്ദേഹത്തിന് ചികിത്സ നൽകി. കുറച്ച് ദിവസങ്ങളിൽ അദ്ദേഹത്തിൻെറ ആരോഗ്യനില മെച്ചപ്പെട്ട് തുടങ്ങി.

**പഠനം – ഒരു നിരന്തര പ്രക്രിയ:** മെയ് 23–ന് മാസ്റ്റർ റഷ്യയിൽ നിന്നുള്ള കുറച്ചഭ്യാസികളെ സിറ്റിംഗിനായി വിളിച്ചിരുന്നു. സിറ്റിംഗിനുശേഷം റഷ്യൻ ഭാഷ വീണ്ടും പഠിക്കുവാൻ തനിക്ക് വളരെ താത്പര്യമുണ്ടെന്ന് മാസ്റ്റർ പറഞ്ഞു. അദ്ദേഹം സഹോദരൻ അലക്സിയോട്, പിന്നീട് ശ്രവിക്കുന്നതിനായി, ചില പാഠങ്ങൾ റെക്കോർഡ് ചെയ്തു നൽകുവാൻ ആവശ്യപ്പെട്ടു. “ഞാൻ എൻെറ പാഠങ്ങൾ നിർമ്മിച്ച്, റെക്കോർഡ് ചെയ്ത്, പിന്നീട് അവ കേട്ട് പഠിക്കുവാൻ പോകുകയാണ്” എന്ന് മാസ്റ്റർ പറഞ്ഞു.

**24 മെയ് 2014, ശനിയാഴ്ച:** പുതുച്ചേരിയിൽ നിന്നും വന്ന ഏകദേശം അറുപത് അഭ്യാസികൾ വാരാന്ത്യത്തിൽ മണപ്പാക്കത്ത് എത്തിച്ചേർന്നു. വൈകുന്നേരം 6 മണിക്ക് കോട്ടേജിന് പുറത്ത് വന്നിരുന്ന മാസ്റ്റർ ഈ അഭ്യാസികളുമൊത്ത് ഏകദേശം 45 മിനിറ്റുകൾ ചിലവിട്ടു.

മെയ് 25 ഞായറാഴ്ച സഹോദരി പ്രിയയുടെയും സഹോദരൻ കൃഷ്ണയുടെയും വിവാഹ വാർഷികമായിരുന്നു. ഉണർന്നെഴുന്നേറ്റയുടൻ മാസ്റ്റർ പ്രസാദം അർപ്പിച്ചു, തുടർന്ന് അത് ഏവർക്കും നൽകി. അവിടെ സന്നിഹിതരായിരുന്ന എല്ലാവർക്കും മാസ്റ്റർ 7 മണിക്കൊരു സത്സംഗം നടത്തി

മാസ്റ്ററുടെ വ്യതിചലിക്കുന്ന ആരോഗ്യസ്ഥിതിയിൽ ഉത്കണ്ഠയുണ്ടായിരുന്നതിനാൽ മെയ് 26, തിങ്കളാഴ്ച അദ്ദേഹത്തെ MIOT ആശുപത്രിയിൽ വൈദ്യപരിശോധനക്കായി കൊണ്ടുപോയി. പരിശോധനകളുടെ ഫലം തൃപ്തികരമായിരുന്നു. പിന്നീടദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി സത്യപ്രതിജ്ഞ ചെയുന്ന ചടങ്ങുകളുടെ തത്സമയ സംപ്രേക്ഷണം വീക്ഷിച്ചു.

**ലാലാജി സ്മാരക ഒമേഗ അന്താരാഷ്ട്ര വിദ്യാലയം:** സി.ബി.എസ്.ഇ യുടെ 10–ാം ക്ലാസ്സുകളിലേയും 12–ാം ക്ലാസ്സുകളിലേയും റിസൾട്ടുകൾ പുറത്ത് വന്നപ്പോൾ ഒമേഗ വിദ്യാലയത്തിന് നൂറുമേനി വിജയം. 10–ാം ക്ലാസ്സിലെ സി.ബി.എസ്.എ പരീക്ഷക്കിരുന്ന 142 വിദ്യാർത്ഥികളും വിജയിച്ചു, അവരിൽ ഒൻപത് പേരുടെ CGPA (Cumulative Grade Point Average) പത്ത് ആയിരുന്നു. ഇതിൽ വളരെ സന്തോഷവാനായ മാസ്റ്റർ പലരോടും ഇതിനെക്കുറിച്ച് പറയുന്നുണ്ടായിരുന്നു.





" സ്മരണ പ്രണയിനിയെ പ്രിയതമനുമായി അടുപ്പിക്കുന്നു. ഈ അടുപ്പത്തിനു പരിധികളില്ല. പ്രേമം അല്ലെങ്കിൽ ആകർഷണം എത്രകൂടുന്നുവോ അത്രതന്നെ ഒരാൾ അദ്ദേഹത്തോടടുക്കുന്നു. ഈ ബന്ധം പാരമ്പര്യമായി നമ്മിൽ ഉടലെടുക്കുന്നതാണ്. അദ്ദേഹത്തോടുള്ള അടുപ്പം ഊട്ടിയുറപ്പിക്കാൻ ഈ ബന്ധം ശക്തിപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്."

ബാബുജി മഹരാജ്

രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, പ്രമാണം രണ്ട്



## കേരള പ്രിഫക്റ്റ് സെമിനാർ

2014 മെയ് 30, 31, ജൂൺ 1

ഈ സെമിനാറിൽ പങ്കെടുക്കുവാനായി ഏകദേശം അറുപത്തഞ്ച് പ്രിഫക്റ്റുമാർ മണപ്പാക്കത്തു ഒത്തുകൂടി. സഹോദരൻ കമലേഷ് ആദ്യദിവസം അവരെ അഭിസംബോധന ചെയ്തു. പരസ്പരം സിറ്റിംഗ് കൊടുക്കൽ ഉൾപ്പെടെ, എല്ലാ ദിവസവും അവർക്കായി യോഗങ്ങൾ ഏർപ്പെടുത്തിയിരുന്നു. മാസ്റ്ററുടെ ഉദ്ധരണികളെക്കുറിച്ചു മനനം ചെയ്യുകയും അതേ തുടർന്നു ചർച്ചകളും പരസ്പരം ആശയം പങ്കുവയ്ക്കലും, സഹോദരൻ രാജേഷ് രാതോഠ് നടത്തിയ ചോദ്യോത്തരവേളയും, സേവനത്തെപ്പറ്റി ഒരു യോഗവും ഈ സമ്മേളനത്തിൽ ഉൾപ്പെടുത്തിയിരുന്നു. സേവനം ചെയ്യുകൊണ്ടിരിക്കെ സ്വയം നിരീക്ഷിക്കുന്നതിനെക്കുറിച്ചും, സംസാരിക്കുമ്പോൾ പാലിക്കേണ്ട തത്ത്വങ്ങളെപ്പറ്റിയും, സഹിഷ്ണുതയുള്ള നല്ലൊരു ശ്രോതാവായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഈ യോഗത്തിൽ ഊന്നൽ നൽകി. ഈ പരിപാടിയിൽ പങ്കെടുത്തവർക്ക് നൽകിയ ഒരു പ്രവൃത്തി ടെറസ്സിൽ ഒരുദ്യാനം ഉണ്ടാക്കുക എന്നതായിരുന്നു. ലൈബ്രറിയുടെ മുകളിലുള്ള ടെറസ്സിൽ ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കുവാനായി എല്ലാ പ്രിഫക്റ്റുമാരും ഒന്നിച്ചു പരിശ്രമിച്ചു. മെയ് 31-നു, മാസ്റ്റർ എല്ലാ പ്രിഫക്റ്റുകളെയും കാണുകയും അവർക്കു സിറ്റിംഗ് കൊടുക്കുകയും ചെയ്തു. ഞായറാഴ്ച രണ്ട് വീഡിയോ പ്രദർശനത്തോടു കൂടി സെമിനാർ അവസാനിച്ചു – ഒരെണ്ണം സഹോദരൻ കമലേഷ് പട്ടേലിന്റെ ഒരു സെൻറർ ചെറുതെങ്കിലും പ്രസക്തമായ കാര്യങ്ങൾ കൊണ്ട് എങ്ങിനെ ഊർജ്ജസ്വലമാക്കാം എന്നതിനെക്കുറിച്ചും, മറ്റൊന്ന് സ്ഫുടതയെക്കുറിച്ച് മാസ്റ്റർ നൽകിയ ഒരു പ്രഭാഷണവും.

## ഒമേഗ പൂർവ്വവിദ്യാർത്ഥി സമ്മേളനം

2014, ജൂൺ 9-14

സെമിനാർ ജൂൺ 9-നു സഹോദരൻ കമലേഷ് പട്ടേലിന്റെ സത്സംഗത്തോടുകൂടി ആരംഭിച്ചു. തുടർന്നു അവരെല്ലാം സെമിനാർ ഹാളിൽ ഒത്തുചേരുകയും അവരെ സഹോദരൻ കമലേഷ് പട്ടേൽ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്തു; അതു വളരെ ചെറുതെങ്കിലും ഒരു ഉജ്ജ്വല പ്രഭാഷണമായിരുന്നു. തുടർന്നുള്ള ദിവസങ്ങൾ അവിടെ സന്ദർശിക്കുന്ന അഭ്യാസികളുമൊത്തുള്ള ആശയവിനിമയവും, കുറച്ചു സ്വയംസേവനവും, വരാൻ പോകുന്ന സാംസ്കാരിക പരിപാടികൾക്കുള്ള തയ്യാറെടുപ്പും പിന്നെ സാധനയും നിറഞ്ഞതായിരുന്നു. ഈ സെമിനാറുകളും യോഗങ്ങളും വിനോദിപ്പിക്കുന്നതും സമ്പുഷ്ടവും, ജീവിതത്തിന്റെയും മൂല്യങ്ങളുടേയും പല ഭാവങ്ങളേയും സ്പർശിക്കുന്നതുമായിരുന്നു. 12-ാം തിയ്യതി അവർക്കു കോട്ടേജിൽ വെച്ചു മാസ്റ്ററിൽ നിന്നു സിറ്റിംഗും ലഭിച്ചു. അദ്ദേഹം ഒരു ചെറിയ പ്രഭാഷണം നടത്തുകയും ജൂൺ 14 ഒമേഗ പൂർവവിദ്യാർത്ഥി ദിനമായി പ്രഖ്യാപിക്കുകയും ചെയ്തു. 14-ാം തിയ്യതി അവർ സ്കൂൾ സന്ദർശിക്കുകയും അവരുടെ അദ്ധ്യാപകരും വാർഡന്മാരുമായി ആനന്ദകരമായ സമയം ചെലവഴിക്കുകയും ചെറിയ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന പല കാര്യങ്ങളും പറഞ്ഞു കൊടുക്കുകയും ചെയ്തു. അവർ ആശ്രമത്തിൽ തിരിച്ചെത്തിയ ശേഷം സാംസ്കാരിക പരിപാടികൾ തുടങ്ങി. എല്ലാവരും വളരെ നന്നായി പരിപാടികൾ അവതരിപ്പിക്കുകയും അവർക്കു ഒരിക്കൽ കൂടി മാസ്റ്ററെ കാണാനും അദ്ദേഹത്തോടൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുക്കുവാനുള്ള അവസരവും ലഭിച്ചു. പങ്കെടുത്തവർക്കെല്ലാം ഈ പരിപാടി ഏറെ സംതൃപ്തി നൽകുന്നതും അവിസ്മരണീയവുമായ ഒന്നായി അനുഭവപ്പെട്ടു.

## പുതിയ പ്രിഫക്റ്റുകളെ തയ്യാറാക്കുന്നതിനുള്ള സമ്മേളനം

2014 മെയ് 31 മുതൽ ജൂൺ 14

ഇന്ത്യയിൽ എല്ലായിടത്തും നിന്നുമുള്ള പ്രിഫക്റ്റുമാരാവാൻ പോവുന്ന, ഏകദേശം 27 അഭ്യാസികൾ പ്രിഫെക്റ്റുകളാവാനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി നടന്ന രണ്ടാഴ്ച നീണ്ടു നിന്ന തീക്ഷ്ണമായ സെമിനാറിലൂടെ കടന്നു പോയി. തയ്യാറെടുപ്പ് സിറ്റിങ്ങുകൾക്കു പുറമെ രാവിലെ ശിൽപശാലകളും, വൈകുന്നേരം മാസ്റ്ററുടെയും സഹോദരൻ കമലേഷ് പട്ടേലിന്റെയും തിരഞ്ഞെടുത്ത വീഡിയോകളുടെ പ്രദർശനവും ഉണ്ടായി. ഇതിനെത്തുടർന്നു അവരെ ആ വിഷയത്തിലേക്ക് ആഴത്തിൽ കൊണ്ടുപോവാനായി ഇതേ വിഷയത്തെക്കുറിച്ചു തന്നെ ചർച്ചയും ഉണ്ടായി. ഇതിൽ പങ്കെടുത്തവർ ഗ്രൂപ്പുകളായിതിരിഞ്ഞു 'സത്യോദയ' ത്തിലെ ചില ഭാഗങ്ങളെക്കുറിച്ചു ചർച്ച ചെയ്ത് അവതരിപ്പിച്ചു. പരിപാടിയുടെ രണ്ട് ഭാഗങ്ങൾ സേവനത്തിനായി ഉഴിഞ്ഞുവെച്ചിരുന്നു, അതിൽ അവർ പൂന്തോട്ടമുണ്ടാക്കുകയും നിലം നിരത്തുകയും ചെയ്തു. സെമിനാറിന്റെ ഒടുക്കം എല്ലാവരും സഹോദരൻ കമലേഷിന്റെ കൂടെ ഒരു അത്താഴവിരുന്നിൽ പങ്കെടുത്തു.



## സഹജമാർഗത്തോടുള്ള എന്റെ സമീപനം

പൻവേൽ, മുംബൈ

ബാംഗ്ലൂർ CREST ഡയരക്റ്റർ സഹോദരൻ മോഹൻദാസ് ഹെഗ്ഡേയുടെ സന്ദർശനത്തോടനുബന്ധിച്ച് നടത്തിയ പരിപാടിയിൽ എൺപതോളം അഭ്യാസികൾ പങ്കെടുത്തു. 'സഹജമാർഗത്തോടുള്ള എന്റെ സമീപനം' എന്ന വിഷയത്തിൽ എല്ലാവരും പങ്കെടുക്കുകയും സാധന ആരംഭിച്ച അവസരത്തിലും ഇപ്പോഴും അവരുടെ സഹജമാർഗത്തോടുള്ള സമീപനത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു.

നമുക്കു ലഭിക്കുന്ന ആദ്യ സിറ്റിംഗ് ആത്മാവിനെ ഉണർത്തി ബീജാവാപം നടത്താൻ കെൽപ്പുള്ള ശക്തമായതാണെന്ന് അദ്ദേഹം വിശദീകരിച്ചു. മാസ്റ്ററുടെ ഈ പ്രവൃത്തിയ്ക്ക് എന്തെങ്കിലും മൂല്യം കൽപ്പിക്കുന്നുണ്ടെങ്കിൽ ഓരോരുത്തരും അവരവരുടെ ആത്മീയ പുരോഗതിയിൽ പങ്കാളികളാവണമെന്നു അദ്ദേഹം നിർദ്ദേശിച്ചു. വ്യക്തമായ ലക്ഷ്യ ബോധമുണ്ടാകേണ്ടതിന്റേയും പ്രാർത്ഥനയുടേയും പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം ഊന്നൽ നൽകി സംസാരിച്ചു.

## പരമകുടി കേന്ദ്രത്തിൽ ZICയുടെ സന്ദർശനം

മേയ് 17നു തമിഴ്നാട് (2D) സോണൽ ഇൻ ചാർജ് സഹോദരൻ പി രാമനാഥൻ പരമകുടി കേന്ദ്രം സന്ദർശിച്ചു. പരമകുടി, മനമധുരൈ, രാമനാഥപുരം, ശിവഗംഗ എന്നീ കേന്ദ്രങ്ങളിൽ നിന്ന് അഭ്യാസികളും പ്രിഫെക്റ്റുകളുമടക്കം അറുപത്തിനാലു പേർ പരിപാടിയിൽ പങ്കെടുത്തു. പ്രഭാത സത്സംഗത്തിനു ശേഷം പ്രവേശകർക്കായുള്ള ഒരു പൊതുസദസ്സൊരുക്കിയിരുന്നു. ഇതിൽ 20 പേർ പങ്കെടുത്തു. ധ്യാനത്തിന്റെ ആവശ്യകത, സഹജമാർഗത്തിന്റെ പ്രത്യേകതകൾ എന്നിവ ഇവർക്ക് വിവരിച്ചു കൊടുത്തു. സഹോദരർ രാമനാഥൻ, രാധാകൃഷ്ണൻ, ഭാസ്കരൻ എന്നീ പ്രിഫെക്റ്റുകൾ ആണ് പരിപാടിയിൽ സംസാരിച്ചത്. താത്പര്യം പ്രകടിപ്പിച്ച 10 പേരിൽ 8 പേർ ഉടനേതന്നെ പ്രാരംഭധ്യാനത്തിനു സന്നദ്ധരായി. അഭ്യാസികൾ അവരുടെ അനുഭവങ്ങളെക്കുറിച്ചും ധ്യാനം കൊണ്ടുണ്ടായ നേട്ടങ്ങളെക്കുറിച്ചും സംസാരിച്ചു. ഇതിനു ശേഷം നടന്ന സായാഹ്ന ധ്യാനത്തോടെ പരിപാടികൾ അവസാനിച്ചു.



## IISc ബാംഗ്ലൂർ അഭ്യാസികളുടെ മണപ്പാക്കം സന്ദർശനം



ബംഗ്ലൂരിലെ IISc കാമ്പസിൽ മുപ്പതോളം അഭ്യാസികൾ ഉണ്ട്. IIScയിലെ പ്രൊഫസറും പ്രിഫെക്റ്റുമായ സഹോദരൻ എ.പെരുമാൾ ഈ അഭ്യാസികളുമൊന്നിച്ച് മണപ്പാക്കത്ത് ജൂൺ 7, 8 തിയ്യതികളിൽ സന്ദർശനത്തിനായി എത്തി. സത്സംഗുകളിൽ പങ്കെടുക്കുന്നതിനു പുറമേ ചെറുപ്പക്കാരായ ഈ അഭ്യാസികൾ അവരുടെ സന്നദ്ധസേവനത്തിന്റെ ഭാഗമായി മാങ്ങ പറിക്കലിൽ ഏർപ്പെട്ടു. ഈ സന്ദർശനത്തിനിടെ, ആദ്യ ദിനം തന്നെ, അവർക്ക് മാസ്റ്ററെ കാണുവാൻ അവസരം ലഭിച്ചു. ഓരോരുത്തരേയും മാസ്റ്റർ നേരിൽ കണ്ട് അവരുടെ കാര്യങ്ങൾ ചോദിച്ചറിയുകയും അനുഗ്രഹിക്കുകയും ചെയ്തു.

മിഷനിലെ മുതിർന്ന അഭ്യാസികളായ സഹോദരൻ വി കെ സോമകുമാർ, സഹോദരൻ എ പി ദുരൈ, സഹോദരൻ ആൽബർട്ടോ ലാഫ്രഞ്ചി എന്നിവരുമായി സംവദിക്കുവാൻ ഇവർക്കവസരം ലഭിച്ചു. മാസ്റ്റർ, മിഷൻ, പദ്ധതി എന്നീ വിഷയങ്ങളിൽ അവർക്കുണ്ടായിരുന്ന സംശയങ്ങൾ ദുരീകരിച്ചു. ആത്മ സമൃദ്ധിയും ആദ്ധ്യാത്മികപരിശീലനം മുൻപത്തേക്കാൾ നന്നായി ചെയ്യുവാനുള്ള പ്രചോദനവുമുൾക്കൊണ്ടാണ് ഇവർ മടങ്ങിയത്.



## പരിശീലകപരിശീലന പരിപാടി, ഘരഗ്പൂർ

2014 ഫിബ്രവരിയിൽ പട്നയിൽ നടന്ന സോണൽ മീറ്റിൽ നിലവിൽ ബീഹാറിലും ഝാർഖണ്ടിലും നടന്നുകൊണ്ടിരിക്കുന്ന ഗ്രൗണ്ടിംഗ് ഇൻ ദ പ്രാക്റ്റിസ് പ്രോഗ്രാമിനു (ജി.ഐ.ടി.പി) ശക്തി പകരാൻ ധാരാളം സന്നദ്ധസേവകരുടെ ആവശ്യമുണ്ടെന്നു തോന്നിയിരുന്നു. അതനുസരിച്ച് ബീഹാർ(34), ഝാർഖണ്ട് (22), പശ്ചിമ ബംഗാൾ, സിക്കിം വടക്ക് (2), പശ്ചിമ ബംഗാൾ തെക്ക് (18) എന്നിവിടങ്ങളിൽ നിന്നുള്ള പ്രധിനിധികൾക്കായി ഒരു പരിശീലക പരിശീലന പരിപാടി ഘരഗ്പൂർ ക്രെസ്റ്റിൽ വെച്ച് സഹോദരൻ മനോജ് തിവാരി(സോണൽ ഇൻ ചാർജ്-സോൺ 17,20) സംഘടിപ്പിക്കുകയുണ്ടായി.

സഹോദരിമാർ നന്ദിത മാത്തുർ, ഛവി സിസോഡിയ എന്നിവരുടെയും സഹോദരന്മാർ സന്തോഷ് ശ്രീനിവാസൻ, ആൽബെർടൊ ലഫ്രഞ്ചി എന്നിവരുടെയും സഹായത്തോടെ പുതിയ സന്നദ്ധപരിശീലകർ ഒന്നിച്ചു ചേർന്ന് പഠിച്ചൊരുങ്ങിയത് പരിശീലിപ്പിക്കുവാൻ വേണ്ടി മാത്രമല്ല തങ്ങൾക്കുകൂടി വേണ്ടിയിട്ടായിരുന്നു.

കിട്ടിയ പ്രതികരണങ്ങളിൽ നിന്നു ഈ പരിപാടി വളരെ ഫലപ്രദവും എല്ലാവർക്കും മികച്ച അറിവുകൾ നൽകുന്നതു മായിരുന്നെന്നു മനസ്സിലായി. വെളിപാടിൻെറയും ചിരിയുടെയും സന്തോഷത്തിൻെറയും ചിന്തയുടെയും നിമിഷങ്ങൾ മാത്രമല്ല സാഹോദര്യത്തിൻെറ ഉത്തമ പരി സ്ഥിതിയും അവിടെ സംജാതമായിരുന്നു. പരിശീലനം നേടിയ 50 പേരും അവരെ സഹായിക്കാൻ 25 പേരും ജി.ഐ.ടി.പി പരിപാടി നടത്താൻ ഒരുങ്ങിക്കഴിഞ്ഞു.

## പ്രിഫെക്റ്റുകളുടെ പരിശീലന പരിപാടി, ജബൽപൂർ

വിദിഷയിലേയും കിഴക്കു പടിഞ്ഞാറൻ മധ്യപ്രദേശിലേയും പ്രിഫക്റ്റുകൾക്കു വേണ്ടി ജൂൺ 5 മുതൽ 8 വരെ നാലു



ദിവസത്തെ പ്രിഫക്റ്റ് പരിശീലന പരിപാടി ജബൽപൂർ സോണൽ ആശ്രമത്തിൽ വെച്ച് നടന്നു. സഹോദരൻ സന്തോഷ് ശ്രീനിവാസനായിരുന്നു ഈ പരിപാടി നടത്തിയത്. ഈ പരിപാടിയുടെ ചിന്താവിഷയം മാസ്റ്റർ നിശ്ചയിച്ച, 'ഹൃദയത്തെ വികസിപ്പിക്കാൻ നിങ്ങളുടെ ഹൃദയത്തെ പ്രവർത്തിപ്പിക്കൂ' എന്നതായിരുന്നു. ഈ പരിപാടിയുടെ സവിശേഷത എന്തായിരുന്നു എന്നുവെച്ചാൽ അതിനു മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയില്ലാതെ ഹൃദയത്തിനൊപ്പം നിശ്ശബ്ദമായി നീങ്ങി എന്നതായിരുന്നു. പങ്കെടുത്തവരെല്ലാം ഈ പരിപാടിയെ അഭിനന്ദിക്കുകയും ആത്മീയാവേശം ആസ്വദിക്കുകയും ചെയ്തു.

## വടക്കൻ തമിഴ്നാടിനു പുതുഉണർവ്വ്

സോൺ 2എ-യിൽപെട്ട സേലം, കൃഷ്ണഗിരി, വെല്ലൂർ എന്നിവിടങ്ങളിൽ മെയ് 25നും ഹാരൂരിൽ ജൂൺ 1നും 'സ്വഭാവരൂപീകരണത്തിനു ദശസൂക്തങ്ങൾ ഒരു ഉപകരണം' എന്ന വിഷയത്തിൽ ഓജസ്സാർന്ന ഒരു ആത്മീയ കൂടിച്ചേരൽ സംഘടിപ്പിക്കുകയുണ്ടായി. അഭ്യാസികളെ ഉണർത്താൻ ഈ നാലു സെൻററുകളിലേക്ക് പ്രേരകരായി സഹോദരി എഴിലരസി, സഹോദരർ രഘുപതി, സുദർശൻ, മുരുകരശൻ എന്നിവരെ ക്ഷണിക്കുകയുണ്ടായി. സൂക്തങ്ങൾ ഒന്നും മൂന്നുമാണ് തിരഞ്ഞെടുത്തത്.

യോഗങ്ങൾ വളരെ പാരസ്പര്യത്തോടുകൂടിയതും മാസ്റ്ററുടെയും ബാബുജിയുടെയും ഉദ്ധരണികളും അവർ തമ്മിലുള്ള ബന്ധത്തിൻെറ വിവരണങ്ങളും ഉൾക്കൊള്ളിച്ചതായിരുന്നു. വ്യക്തിഗതാനുഭവങ്ങൾ പങ്കുവെക്കുന്ന പ്രായോഗിക ക്രിയയും ഉണ്ടായിരുന്നു. പങ്കാളികളെല്ലാം തങ്ങൾക്ക് കിട്ടിയ ആനന്ദം നാട്ടിലെത്തി എല്ലാവർക്കും പകരാൻ ഉത്സുകരായിരുന്നു.


ഹാരൂർ


സേലം


കൃഷ്ണഗിരി

## ധ്യാന മന്ദിര ഉദ്ഘാടനം, നവ്സാരി, ഗുജറാത്ത്




ഗുജറാത്തിലെ ഏറ്റവും പുരാതനമായ സെൻററായ നവ്സാരിയുടെ പരിസരത്ത് മിഷനു കുറച്ച് ഭൂമിയുണ്ട്. ഈ സെൻററിലെ അഭ്യാസികൾ ഈ സ്ഥലത്ത് ധ്യാന സൗകര്യങ്ങൾ ഒരുക്കുവാൻ നന്നെ ആഗ്രഹിച്ചിരുന്നു. ഒരു താത്കാലിക ധ്യാനമന്ദിരം പണിയുവാനുള്ള അവരുടെ സ്വപ്നസാക്ഷാത്കാരത്തിനായി അവരെല്ലാവരും ഒരുമിച്ച് കഠിനാദ്ധ്വാനം ചെയ്തു. മാസ്റ്ററുടെ സമ്മതത്തോടെ 2014 മേയ് 14–ാം തീയ്യതി സോണൽ ഇൻ ചാർജ് സഹോദരൻ

സുരേന്ദ്ര അഗർവാൾ നവ്സാരിയിൽനിന്നും പരിസര പ്രദേശങ്ങളായ ചിഖലി, ബില്ലിമോര, അമത്സാദ് എന്നിവിടങ്ങളിൽനിന്നുമുള്ള സുമാർ 100 അഭ്യാസികൾ പങ്കെടുത്ത സത്സംഗത്തോടെ ഉദ്ഘാടനം നടത്തി. അപ്പോൾ അദ്ദേഹം ആശ്രമത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. തുടർന്ന്, സമയം ഓടിക്കൊണ്ടിരിക്കുകയാണെന്നും, ആയതിനാൽ എല്ലായ്പ്പോഴും നമ്മുടെ ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഈ പ്രകാശത്തിൻെറ പ്രഭവകേന്ദ്രം ഫലപ്രദമായ വിധത്തിൽ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ഞായറാഴ്ച്ചത്തെ സത്സംഗം ഇപ്പോൾ നവ്സാരി ആശ്രമത്തിലേക്കു മാറ്റിക്കഴിഞ്ഞു. എല്ലാവർക്കും മാസ്റ്ററുടെ സാനിധ്യം അനുഭവപ്പെട്ടു. നവ്സാരി സെൻറർ ഇൻ ചാർജ് സഹോ.നിതിൻ ഹരിയാനി നവ്സാരി സെൻററിലെ എല്ലാ സന്നദ്ധസേവകരുടേയും കഠിനാദ്ധ്വാനത്തെ അഭിനന്ദിക്കുകയും വത്സാദ് സെൻററിലെ സന്നദ്ധസേവകരുടെ പ്രയത്നങ്ങളെ എടുത്തു പറയുകയും ചെയ്തു.

## സോണൽ മീറ്റിംഗ്, ഹര്യാന

എല്ലാ സെൻററുകളിൽനിന്നുമുള്ള പ്രിഫെക്റ്റുകളേയും, ഗുണകാംക്ഷികളേയും, സന്നദ്ധസേവകരേയും, സെൻറർ ഇൻ ചർജുകളേയും പങ്കെടുക്കുവാൻ ക്ഷണിച്ചിരുന്ന ഒരു സമ്മേളനം ഹരിയാനയിലെ (സോൺ – 21) സോണീപത് ആശ്രമത്തിൽ മേയ് 25–ാം തീയ്യതി നടത്തപ്പെട്ടു. സമ്മേളനത്തിൽ ഡോ.സത്യ.എൻ.മണ്ഡൽ (സോണൽ ഇൻ ചാർജ്) അധ്യക്ഷം വഹിച്ചു. സെൻറർ ഇൻ ചാർജുകൾ അവരവരുടെ സെൻെററുകളേക്കുറിച്ചും



സോണൽ കോ–ഓർഡിനേട്ടർമാർ പരിശീലനവും പുരോഗതിയും, യു–കണക്റ്റ്, ക്രെസ്റ്റ്, മൂല്യാധിഷിടിത വിദ്യാഭ്യാസം, പ്രബന്ധരചന, ഐറ്റി, അഭ്യാസി രെജിസ്ട്രേഷൻ, സന്നദ്ധസേവനങ്ങൾ, എക്കോസ് ന്യൂസ് ലെറ്റർ, ചരിത്രം, കണക്കുകൾ എന്നീ വിഷയങ്ങളേക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അതിനുശേഷം പുതിയ സെൻെററുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചയും, ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒറ്റപ്പെട്ടുനിൽക്കുന്ന സെൻററുകളിലെ അഭ്യാസികളുടെ ഫലപ്രദമായ സേവനത്തിനായി സെൻററുകളുടെ അഞ്ച് ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## മിഷൻെറ പ്രവർത്തനങ്ങളിൽ പരിശീലനം, ഷാഹ്ജഹാൻപൂർ

സോൺ 12ബി-യിലെ പതിനൊന്നു പ്രിഫെക്റ്റുകളും നാൽപത്തൊന്ന് അഭ്യാസികളും ചേർന്നു ഷാഹ്ജഹാൻപൂർ യോഗാശ്രമത്തിൽ മൂല്യാധിഷിടിത വിദ്യാഭ്യാസം, പൊതുസദസ്സുകൾ, കുടുംബയോഗങ്ങൾ, പ്രബന്ധരചന പരിപാടികൾ എന്നീ വിഷയങ്ങളിൽ ഒരു സെമിനാർ നടത്തി. സഹോ. ഉമാശങ്കർ ബാജ്പൈ (സെക്രട്ടറി) സഹോ.പ്രബാത്കുമാർ (സോണൽ ഇൻ ചാർജ്) എന്നിവരും സംസാരിച്ചു. പങ്കെടുത്തവരിലെല്ലാം പുതിയ ഊർജ്ജവും ഉണർവ്വും നിറഞ്ഞു. അവരെല്ലാവരും അതാതു സെൻററുകളിൽ മൂല്യാധിഷ്ടിത വിദ്യാഭ്യാസ പരിപാടി തുടങ്ങാനായി ഉറച്ച തീരുമാനമെടുത്തു. പങ്കെടുത്തവർ പ്രബന്ധരചന പരിപാടിയെക്കുറിച്ചും ഒരു ചർച്ച നടത്തി.



## യുവജന പരിപാടികൾ





### ബനശങ്കരി ആശ്രമം, ബാംഗ്ലൂർ

ജൂൺ 14, 15 തീയ്യതികളിൽ ഏകദേശം മുപ്പത്തഞ്ചോളം യുവാക്കൾക്കുവേണ്ടി ഒരു പരിപാടി സംഘടിപ്പിച്ചു. ശനിയാഴ്ച റജിസ്ട്രേഷനും പരിചയപ്പെടലിനും ശേഷം 'അലകളും പ്രതിഫലനങ്ങളും', 'മുൻവിധിയും നിർണ്ണയവും' എന്നീ വിഷയങ്ങളെ സംബന്ധിച്ച് ചിന്തിക്കുവാനും അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും എല്ലാവർക്കും അവസരം നൽകി. ഇതേ വിഷയങ്ങളെ കുറിച്ച് ശിൽപശാലകളും നടത്തുകയുണ്ടായി. ഈ വിഷയങ്ങളിൽ മാസ്റ്റർ സംസാരിച്ചിട്ടുള്ള വീഡിയോ പ്രദർശിപ്പിച്ചു. ഉച്ചയ്ക്കുശേഷം കുറച്ചു നേരം വളൻറിയർ ജോലി ചെയ്തു. നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ചല്ലാതെ മറിച്ച് ആവശ്യങ്ങൾ നിറവേറ്റുന്നതിനനുസൃതമായി എങ്ങിനെ സരളമായി ജീവിക്കാം എന്ന സന്ദേശം നൽകി "പ്രകൃതിക്കനുസൃതമായിരിക്കുക" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെഷൻ ഉണ്ടായിരുന്നു.

സഹജമാർഗം എങ്ങിനെ ആളുകളിലെത്തിക്കാം, ജീവിതത്തിൽ എങ്ങിനെ സന്തുലിതാവസ്ഥ നേടാം, വളൻറിയർ ജോലി എങ്ങിനെ പ്രോത്സാഹിപ്പിക്കാം തുടങ്ങിയ വിഷയങ്ങളിൽ മുതിർന്ന അഭ്യാസികളുടെ നേതൃത്വത്തിൽ ഞായറാഴ്ച രാവിലെ ചർച്ച ഉണ്ടായി. ഉച്ചഭക്ഷണത്തിനുശേഷം 'വെൽകം ഡെസ്കിനെ' സമീപിക്കുന്നവരോട് എങ്ങിനെ പെരുമാറണം എന്നതിനെക്കുറിച്ച് ഒരു അഭ്യാസി സഹോദരൻ സംസാരിച്ചു. ഈ വിഷയത്തിൽ താൽപര്യമുള്ളവർക്ക് കൂടുതൽ പരിശീലനം നൽകാമെന്ന് അദ്ദേഹം അറിയിച്ചു. ആശയവിനിമയത്തെ കുറിച്ചായിരുന്നു അവസാനത്തെ സെഷൻ. ആശയവിനിമയത്തെ കുറിച്ച് വളരെ പ്രചോദനം നൽകുന്ന ചിലസംഭാഷണങ്ങളുടെ വീഡിയോയും ഈ വിഷയത്തിൻെറ പ്രാധാന്യവും ഇതിനാവശ്യമായ കഴിവിനേയും എടുത്തു കാണിക്കുന്ന ഒരു കളിയും ഉണ്ടായിരുന്നു. ഇത് അടുത്ത പരിപാടിയായ 'തിരഞ്ഞെടുത്ത് സംസാരിക്കുക' എന്ന പരിപാടിക്ക് സഹായകമായി. ചെറിയ ഗ്രൂപ്പുകളായി നടത്തിയ ഈ പരിപാടി അതാത് ഗ്രൂപ്പ് നൽകിയ സൂചനകളെ ആധാരമാക്കി സംസാരിക്കുവാൻ കഴിവുള്ളയാളെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടു. പരിപാടിയുടെ അവസാനം ഈ സംരംഭത്തിൽ പങ്കെടുക്കുവാൻ കഴിഞ്ഞതിൽ എല്ലാവരും സന്തുഷ്ടി പ്രകടിപ്പിച്ചു.

### ഭിൽവാഡ, രാജസ്ഥാൻ

പതിമൂന്നു യുവാക്കൾ പങ്കെടുത്ത ഒരു യോഗം 2014 ഏപ്രിൽ 27 ന് സംഘടിപ്പിച്ചു. ഭണ്ഡാരയിൽ പങ്കെടുത്ത അനുഭവങ്ങളും അതുപോലെ ഭണ്ഡാരക്കു മുൻപ് എന്തെല്ലാം മുൻ കരുതലുകൾ എടുത്തിരിക്കണം എന്നതിനെ സംബന്ധിച്ച് പങ്കെടുത്തവരെല്ലാം സംസാരിച്ചു. ഭണ്ഡാരക്കു മുൻപ് എല്ലാ അഭ്യാസികളും ചുരുങ്ങിയത് രണ്ടു സിറ്റിംഗ് എങ്കിലും എടുത്തിരിക്കണം എന്ന് നിർദ്ദേശമുണ്ടായി. ഭണ്ഡാരക്കുശേഷം അതേ അവസ്ഥ എങ്ങിനെ നിലനിർത്താം എന്ന വിഷയത്തെ സംബന്ധിച്ച് പരാമർശമുണ്ടായി. ഭണ്ഡാര ആഘോഷങ്ങൾ തിരുപ്പൂരിലായിരുന്നാലും ഭിൽവാഡയിലായിരുന്നാലും അതിനാവശ്യമായ ഒരുക്കങ്ങൾ ഒരേ രീതിയിൽ ചെയ്യുരിക്കുമെന്നവർ തീരുമാനിച്ചു.

### വിജയവാഡ, ആന്ധ്രപ്രദേശ്

2014 മേയ് 11–ന് നടത്തിയ യുവാക്കളുടെ സെമിനാറിൽ യുവാക്കളും അല്ലാത്തതുമായ അഭ്യാസികളിൽ നിന്നും വളരെ വലിയ പങ്കാളിത്തമുണ്ടായി. സ്വഭാവ രൂപീകരണം, അഭ്യാസിയുടെ ജീവിതത്തിൽ സമ്പത്തിൻെറ പങ്ക് എന്നിവ ചർച്ചാവിഷയമായി. യുവാക്കൾ വളരെ ശ്രദ്ധാലുക്കളും കാര്യങ്ങൾ മുൻകൂട്ടി കണ്ട് ഒരു മുൻവിധിയുമില്ലാതെ ധാർമികതയുടെ അടിസ്ഥാനത്തിൽ ആത്മീയതയ്ക്ക് മുൻ തൂക്കം കൊടുത്തു കൊണ്ടായിരിക്കണം കാര്യങ്ങൾ ചെയ്യേണ്ടത് എന്ന് സെൻറർ ഇൻ ചാർജ് ചർച്ച തുടങ്ങിവെച്ചു കൊണ്ട് പറഞ്ഞു. സ്വഭാവ രൂപീകരണം മനുഷ്യൻെറ വിവിധ ബോധമണ്ഡലവുമായുള്ള ബന്ധത്തെ ഉദ്ധരിച്ച് സഹോദരൻ രാമചന്ദ്ര സംസാരിക്കുകയുണ്ടായി.



ഏകദേശം പത്തോളം അവതരണങ്ങൾ യുവഅഭ്യാസികളുടെ ഭാഗത്തുനിന്ന് ഉണ്ടായി. അതിനുശേഷം ഇതിനെക്കുറിച്ച് ചർച്ചയുണ്ടായി. സാങ്കൽപികമായ കാര്യങ്ങളും വ്യക്തിപരമായ അനുഭവങ്ങളും ഇടകലർത്തിയ ആരോഗ്യപരമായ അവതരണങ്ങളായിരുന്നു അവ. ഭാവിയിലെ ഗുണപരമായ പ്രവർത്തനങ്ങൾക്ക് ഉതകുന്ന ഒട്ടേറെ ഉൾക്കാഴ്ചകൾ ഉണ്ടായതായി അഭ്യാസികൾ പറഞ്ഞു. സ്നേഹത്തെക്കുറിച്ചുള്ള മാസ്റ്ററുടെ സന്ദേശമടങ്ങുന്ന ഒരു വീഡിയോ പ്രദർശനത്തോടെ പരിപാടി അവസാനിച്ചു. ദൈവീക സാന്നിദ്ധ്യം പരിപാടിയിലുടനീളം അനുഭവപ്പെട്ടു.

## കോത്തഗുഡം, ആന്ധ്രപ്രദേശ്



ആത്മീയ മൂല്യങ്ങൾ മനസ്സിലാക്കുന്നതിനും മിഷൻ പ്രവർത്തനങ്ങൾ തൻേറതുകൂടിയാണെന്ന ബോധം ഉണ്ടാക്കുന്നതിനും വേണ്ടി യുവാക്കളുടെ ഒരു ചർച്ച 2014 ഏപ്രിൽ 20ന് കോത്തഗുഡം ആശ്രമത്തിൽ സംഘടിപ്പിച്ചു. അശ്വപുരം, ഭദ്രാചലം, പോൾവാഞ്ച തുടങ്ങിയ സെൻററുകളിൽനിന്നുള്ള യുവാക്കളും ചർച്ചയിൽ പങ്കെടുത്തു. എന്തുകൊണ്ട് യുവത്വം വാഗ്ദാനത്തിൻേറയും പ്രയത്നത്തിൻേറയും സമയമാണ്?, ഒരു യുവാവ് എന്ന നിലയിൽ എന്തായിരിക്കണം നിങ്ങളുടെ കാഴ്ചപ്പാട്?, യുവാക്കളുടെ കൂട്ടായ്മയുടെ ഉദ്ദേശവും അതിൻെറ ഘടനയും എന്തായിരിക്കണം?, പ്രചോദനത്തിന് ഏതു തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്?, സഹജമാർഗയുവാക്കളുടെ കൂട്ടായ്മക്കുള്ള പ്രചോദനം, മിഷൻ പ്രവർത്തനങ്ങളിൽ യുവാക്കൾക്ക് എന്തെല്ലാം സംഭാവനകൾ നൽകാം? തുടങ്ങിയ വിഷയങ്ങളിലധിഷ്ടിതമായ ചർച്ചയും പ്രവർത്തനവും ഉൾപ്പെടുത്തിയാണ് മുഴുദിന പരിപാടി തുടങ്ങിയത്. നമ്മുടെ മാനസികവും ശാരീരികവുമായ ഊർജ്ജം എങ്ങനെ ഉപയോഗിച്ച് മറ്റുള്ളവർക്ക് മാതൃകാപരമായ ഒരു വ്യക്തിയായി മാറാം എന്ന വിഷയത്തിൽ എല്ലാവരും അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. പ്രകടിതമായ പ്രവർത്തനങ്ങളിലൂടെ എല്ലാ യുവ അഭ്യാസികൾക്കും അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ ഈ പരിപാടിയിൽ അവസരമുണ്ടായി.

## വാരണാസി, ഉത്തർപ്രദേശ്

മേയ് 11ന് വാരണാസി സെൻററിൽ ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. മിഷൻ പുസ്തകങ്ങൾ വായിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി തിരഞ്ഞെടുത്ത പുസ്തകങ്ങളിൽനിന്നുള്ള ക്വിസ് പരിപാടി ഇവിടെ നടത്തി വരുന്നു. മേയ് 11നും അതുപോലെ കഴിഞ്ഞ രണ്ടു യോഗത്തിലും തിരഞ്ഞെടുത്തത് "എൻെറ ഗുരു" എന്ന പുസ്തകമാണ്. അൻപത് ചോദ്യവും അതിന് ഉത്തരം നൽകുവാൻ 30 മിനിറ്റും അഭ്യാസികൾക്ക് കൊടുത്തു. അര മണിക്കൂറിനുശേഷം ശരിയായ ഉത്തരം പുസ്തകത്തെ ആധാരമാക്കി പറഞ്ഞു കൊടുത്തു. മിഷൻ പുസ്തകങ്ങൾ വായിക്കേണ്ടതിൻെറ ആവശ്യകത അഭ്യാസികൾക്ക് ബോധ്യമായി. ഉച്ചയൂണിനുശേഷം 'എൻെറ ഗുരു' എന്നെ പുസ്തകത്തെ ആധാരമാക്കിയുള്ള ചർച്ചയുണ്ടായി. ഒരു മുഴുദിന പരിപാടിയിൽ അഭ്യാസികൾക്ക് ആസ്വദിക്കുവാനും അവിടെ തന്നെ തുടരുവാനും കഴിയും എന്നതാണ് ഈ പരിപാടിയുടെ ഫലം. അതുവഴി വൈകുന്നേരത്തെ സത്സംഗത്തിന് അഭ്യാസികളുടെ എണ്ണം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

## ഹൃദയത്തിൽനിന്നും ഹൃദയത്തിലേക്ക്, ഇൻഡോർ, മദ്ധ്യപ്രദേശ്

ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്ക് എന്ന പരിപാടി ജൂൺ 15ന് ഇൻഡോർ ആശ്രമത്തിൽ സംഘടിപ്പിച്ചു. ഒരു മാസം മുമ്പ് തന്നെ ഈ പരിപാടിയെപ്പറ്റി പ്രഖ്യാപിക്കുകയും അതിനുള്ള പ്രാരംഭപരിപാടികൾ ആരംഭിക്കുകയും ചെയ്തു. അഭ്യാസികളോട് ആത്മീയതയിൽ താൽപര്യമുള്ള സുഹൃത്തുക്കളുടെ പേർ വിവരം നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. ഏകദേശം 300 പേരുടെ വിവരം ലഭിക്കുകയും അവരെ ഈ പരിപാടിയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു. വളൻറിയർമാരുടെ നിരന്തര പരിശ്രമം ഈ പരിപാടി പരമാവധി ആളുകൾക്ക് പ്രയോജനപ്രദമാകാൻ സാധിച്ചു.

ജൂൺ 15ന് ഏകദേശം 180 ഓളം പേർ ഈ പരിപാടിയിൽ പങ്കെടുത്തു. "ആത്മീയ ജീവിതത്തിൻെറ യഥാർത്ഥ ആവശ്യം" എന്നതിനെ സംബന്ധിച്ചായിരുന്നു പ്രധാന സംഭാഷണം. വിശദമായ ഉദാഹരണങ്ങളോടെ ഇതിനെപ്പറ്റി വിവരിക്കുകയുണ്ടായി. അതിനുശേഷം സഹജമാർഗ തത്വങ്ങളെ സംബന്ധിച്ച് ഒരു അവതരണമുണ്ടായി. അതിനുശേഷമുണ്ടായ ചോദ്യോത്തരവേളക്കുശേഷം ഏകദേശം നാൽപതോളം പേർ ധ്യാനം തുടങ്ങുവാൻ താൽപര്യം പ്രകടിപ്പിച്ചു. തുടക്കക്കാർക്ക് സിറ്റിംഗ് കൊടുക്കുവാനായി ഒരു വളൻറിയർ ഡസ്ക് തയ്യാറാക്കിയിരുന്നു. ഉച്ചയൂണ് സമയത്ത് ഏകദേശം പത്തോളം അഭ്യാസികൾ പുതിയ ആളുകളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

വളൻറിയർമാർക്ക് മാസ്റ്ററെ സേവിക്കുവാനുള്ള അവസരമായി ഇത് മാറി. മുപ്പതു പേരടങ്ങുന്ന അഭ്യാസി സഹോദരി സഹോദരന്മാർ ഈ പരിപാടി വിജയപ്രദമാക്കുവാൻ എല്ലാ പരിശ്രമവും നടത്തി.







## വേനൽക്കാല ക്യാമ്പുകൾ

ഇന്ത്യയിലെ വിവിധ സെൻററുകളിൽ ഏപ്രിൽ, മേയ് മാസങ്ങളിൽ വേനൽക്കാല ക്യാമ്പുകൾ നടന്നു. ഓരോ സെൻററുകളിലും ഈ സംരംഭം കഴിവിൻെറ പരമാവധി വിജയിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ, അർപ്പണ ബോധമുള്ള വളൻറിയർമാരാണ് പരിപാടി സംഘടിപ്പിച്ചത്. ധാർമ്മിക മൂല്യങ്ങൾ കുട്ടികളിൽ ഉണർത്തുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ഈ ക്യാമ്പിൻെറ ഉദ്ദേശം. ഛായാപടം, സംഗീതം, ചിത്രരചന, കഥപറയൽ, നിധിതേടൽ, പേപ്പർബാഗ് നിർമ്മാണം, സിനിമവിഭാഗം, ക്വിസ്, കാർണിവൽ, ചെറു ശാസ്ത്രമേള, കളറിംഗ്, അനിമേഷൻ, പേപ്പർ ഉപയോഗിച്ചുള്ള ആഭരണ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ അവർ മുഴുകിയിരുന്നു. കളികൾ, മൂകാഭിനയം, സ്കിറ്റ് തുടങ്ങിയ മൂല്യാധിഷ്ടിത വിഷയങ്ങളെ ഉൾക്കൊണ്ട വിഭാഗങ്ങളും പ്രവർത്തികളും കുട്ടികളെ മൂല്യങ്ങൾ വിനോദരൂപേണ മനസ്സിലാക്കുന്നതിന് സഹായിച്ചു. ചർച്ചകളും, അവതരണങ്ങളും, പഠനസഹായിയായ വീഡിയോകളും മുതിർന്ന കുട്ടികൾക്കായുണ്ടായിരുന്നു. പല സെൻററുകളിലും ഇത് ചെറുപ്പക്കാരിൽ ആത്മീയ അടിത്തറ പാകുവാൻ സഹായകമായി.

മുംബൈയിലെ **പൻവേലിൽ**, നടന്ന മൂന്നു ദിവസത്തെ ക്യാമ്പിൽ 110 കുട്ടികൾ പങ്കെടുത്തു. അവസാന ദിവസം കുട്ടികൾ മറ്റുള്ളവരിലുള്ള ഓരോ നല്ല ഗുണങ്ങളെ കുറിച്ച് ടവലിനുള്ളിൽ പേരെഴുതുകയും അവയെ ഒരു സ്മരണികയായി എടുക്കുകയും ചെയ്തു. ഏകദേശം 30 കുട്ടികൾ കർണ്ണാടകയിലെ **റായ്ചൂർ** ആശ്രമത്തിൽ നടന്ന ക്യാമ്പിൽ പങ്കെടുത്തു. അവർ പരിപാടികൾ വളരെ ആസ്വദിക്കുകയും അതിൽനിന്ന് വളരെയധികം മനസ്സിലാക്കുകയും ഈ ക്യാമ്പ് കുറച്ചു ദിവസത്തേയ്ക്ക് കൂടി തുടരണമെന്ന് സംഘാടകരോട് പറയുകയും ചെയ്തു.

**സിതാപൂർ**, ഉത്തർപ്രദേശിൽ പല സ്കൂളിൽനിന്നായി 60 കുട്ടികൾ ഒമ്പതു ദിവസത്തെ വേനൽക്കാല ക്യാമ്പിൽ പങ്കെടുത്തു. ചെറുപ്പക്കാരിൽ ആത്മീയതക്ക് തുടക്കം കുറിക്കുവാനുള്ള ഉദ്ദേശ്യത്തോടെ പത്തു ദിവസത്തെ ഒരു ക്യാമ്പ്, **ബിക്കാനീറിൽ**, ഒരു അഭ്യാസിയുടെ ട്യൂഷൻ സെൻറർ ക്യാമ്പസിൽ സംഘടിപ്പിച്ചു. അതിൽ സാമാന്യ അവബോധം സ്വാഭിവൃദ്ധി തുടങ്ങിയ വിഷയങ്ങളെ കുറിച്ചുള്ള പ്രഭാഷണങ്ങളും പരിപാടിയോടൊപ്പമുണ്ടായിരുന്നു.

കർണ്ണാടകയിലെ **ബാംഗ്ലൂർ** ബനശങ്കരി ആശ്രമത്തിൽ വെച്ച് നടത്തിയ ക്യാമ്പിൽ ഏകദേശം 60 കുട്ടികൾ പങ്കെടുത്തു.

തമിഴ്നാട്ടിലെ **ട്രിച്ചി** ആശ്രമത്തിൽ വെച്ച് നടത്തിയ ക്യാമ്പിൽ പ്രചോദനാത്മകവും വിനോദപ്രദവും ആയ വിഷയങ്ങൾക്കും പ്രവർത്തികൾക്കും പുറമെ 'അഗ്നി സുരക്ഷയും രക്ഷാമാർഗങ്ങളും' എന്നതിനെ കുറിച്ചും ക്ലാസ്സ് നൽകി. കുട്ടികളെ ജാനകി ഫാമിലേക്ക് കൂട്ടിക്കൊണ്ടുപോയി പനംചക്കര തയ്യാറാക്കുന്നത് കാണിച്ചു കൊടുത്തത് അവർക്ക് ഒരു നല്ല വിരുന്നായി.

**മണപ്പാക്കത്തിൽ** നടന്ന മൂന്നു ദിവസത്തെ ക്യാമ്പിൽ ഓരോ പങ്കാളിക്കും, സ്വന്തം പുരോഗതിക്കൊപ്പം അവനവൻെറ ജീവിതത്തിൽ സന്തുലാവസ്ഥക്കുള്ള പ്രചോദനം ഊട്ടിയുറപ്പിക്കുന്നതിന്, സ്നേഹത്തോടെ വീട്ടിൽ പരിപോഷിപ്പിച്ച് വളർത്തുന്നതിനായി ചെടികൾ സമ്മാനമായി നൽകി. മേയ് മാസാവസാനം നടക്കുന്ന പരമ്പരാഗത യൂറോപ്യൻ നാടൻ നൃത്തരൂപമായ 'മേയ്പോൾ ഡാൻസിൽ' ക്യാമ്പിലുള്ളവർ പങ്കെടുത്തു. ഭൂരിഭാഗം കുട്ടികളും ക്യാമ്പിലെ അനുഭവങ്ങളും അതിൻെറ പ്രതിഫലനങ്ങളും അനശ്വര നിമിഷങ്ങളാക്കി ക്യാമ്പ് ഡയറിയിൽ കുറിച്ചു വെച്ചു. കൃതജ്ഞതാസൂചകമായി ഒരു ഗ്രൂപ്പ് ഫോട്ടോ, കുട്ടികളുണ്ടാക്കിയ പേപ്പർ ബാഗ്, ഒരു ചെടി എന്നിവ മാസ്റ്ററുടെ അനുഗ്രഹത്തിനായി കാഴ്ച വെച്ചു.









**ഗോലാഗോകരൻനാഥ്** ആശ്രമത്തിൽ നടന്ന പത്തു ദിവസത്തെ ക്യാമ്പിൽ 51 അഭിലാഷികളായ കുട്ടികൾ പങ്കെടുത്തു. ക്യാമ്പിൽ UNESCOയുടെ 'ലേർണിംഗ് റ്റു ബീ' എന്ന പുസ്തകത്തിൽനിന്നുള്ള പാഠങ്ങൾ അഭ്യാസി സഹോദരി സഹോദരന്മാർ ദിവസേന പറഞ്ഞു കൊടുത്തിരുന്നു. അതുപോലെ ആരോഗ്യം, സുരക്ഷ, ബാങ്കിംഗ്, വനം, പോലീസ്, റെയിൽവേ തുടങ്ങിയ മേഖലകളിൽനിന്നുള്ളവരെ അതിഥികളായി ക്ഷണിക്കുകയും അവർ അവരുടെ തൊഴിൽ വൈദഗ്ദ്യം വിവരിച്ചു കൊടുക്കുകയും ചെയ്തു.

ആന്ധ്രാപ്രദേശിലെ **വിശാഖപട്ടണത്തിൽ** മൂന്നു ദിവസത്തെ ക്യാമ്പിൽ വിവിധ പ്രായപരിധിയിലുള്ള 120 കുട്ടികൾ പങ്കെടുത്തു. മൂല്യാധിഷ്ടിത പ്രവർത്തികൾ-കളിമൺ മാതൃകയുണ്ടാക്കൽ, പേപ്പർ പട്ടനിർമ്മാണം തുടങ്ങിയ പ്രവർത്തികളിലൂടെ ഒരുക്കിയിരുന്നു. പങ്കെടുത്തവർക്ക് പ്രാഥമിക ശുശ്രൂഷ, സുരക്ഷ തുടങ്ങിയവയുടെ അടിസ്ഥാന തത്വങ്ങൾ പഠിപ്പിച്ചു കൊടുത്തു.

മദ്ധ്യപ്രദേശിലെ **ഇൻഡോറിൽ** നടന്ന ക്യാമ്പിൽ 40 കുട്ടികൾ പങ്കെടുത്തു. കുട്ടികളിൽ ഒരുമയുടേയും സാഹോദര്യത്തിൻേറയും പ്രതീതി ഉണത്തുമാറ് ഒരു സംഘഗാനം എല്ലാ ദിവസവും പാടിയിരുന്നു. അവസാന ദിവസം, ഇന്തോറിലെ അടുത്തീയിടെ വാങ്ങിയ, മരങ്ങൾ തിങ്ങി നിറഞ്ഞ, ആശ്രമ ഭൂമിയിലേയ്ക്ക് നടത്തിയ വിനോദയാത്ര കുട്ടികൾ ആസ്വദിച്ചു.

എല്ലാ കൊല്ലവും നടത്തുന്ന വേനൽക്കാല ക്യാമ്പുകളിൽ കുട്ടികൾ അവരുടെ ആവേശം പ്രകടിപ്പിക്കുകയും പല സെൻററുകളിലും സംഘാടകരോട് ക്യാമ്പിൻെറ ദൈർഘ്യം കൂട്ടണമെന്ന അഭ്യർത്ഥന ഉണ്ടാവുകയും ചെയ്തു. വളൻറിയർമാരുൾപ്പെടെ, ഇത്തരം ക്യാമ്പിൽ പങ്കെടുത്തവർക്കെല്ലാം ഇത് നല്ല അറിവും വിനോദം നിറഞ്ഞ അനുഭവങ്ങളും പ്രദാനം ചെയ്തു.

## അറിയിപ്പ്

ഖരഘ്പൂരിൽ പ്രവർത്തിച്ചു വരുന്ന CREST സ്ഥാപനം ഇനിമുതൽ റിട്രീറ്റ് സെൻററായി പ്രവർത്തിക്കുന്നതാണ്. കേരളത്തിലെ മലമ്പുഴയിലും, മഹാരാഷ്ട്രയിലെ പൂനെയിലും നിലവിലുള്ള രണ്ട് റിട്രീറ്റ് സെൻററുകൾക്ക് പുറമെയാണിത്. രാജ്യത്തിൻെറ വടക്കുനിന്നും കിഴക്കുനിന്നുമുള്ള അഭ്യാസികൾക്കു വേണ്ടിയാണ് മുഖ്യമായും ഖരഘ്പൂരിലെ റിട്രീറ്റ് സെൻറർ പ്രവർത്തിക്കുക. ഗവേഷണം, വിദ്യാഭ്യാസം, സാധന, പരിശീലനം എന്നീ ഘടകങ്ങൾക്കു ഊന്നൽ നൽകി ബാംഗ്ലൂരിലുള്ള CREST സ്ഥാപനം തുടർന്നും പ്രവർത്തിക്കുന്നതാണ്. ഇന്ത്യയിൽ ഇത്തരത്തിലുള്ള ഏക സ്ഥാപനമായിരിക്കും ഇത്.

### ഭിൽവാഡ, രാജസ്ഥാൻ

ഭിൽവാഡ സെൻററിൽ കുട്ടികൾക്കായി മൂല്യങ്ങളെ കുറിച്ചുള്ള രണ്ടു ദിവസത്തെ പരിപാടി സംഘടിപ്പിച്ചു. മേയ്11ന് കുറച്ചു കളികൾക്കുശേഷം പങ്കെടുത്തവർക്കായി പരസ്പരം ഇടപഴകൽ മെച്ചപ്പെടുത്തുന്നതിനായി, ഒരു ചലച്ചിത്രം പ്രദർശിപ്പിച്ചു. മേയ് 17ന് നടന്ന പരിപാടിയിൽ 13 മുതൽ 17 വരെ വ്യത്യസ്ത പ്രായത്തിലുള്ള കുട്ടികളും 15 ടീച്ചർമാരും പങ്കെടുത്തു. മാസ്റ്ററുടെ DVD പ്രദർശനത്തോടെ പരിപാടി തുടങ്ങി. തുടർന്ന് ചില മൂല്യാധിഷ്ടിത ചലച്ചിത്ര ഭാഗങ്ങൾ കാണിച്ച് പങ്കെടുത്തവരോടെല്ലാം ഇതിലൂടെ എന്ത് സന്ദേശമാണ് ലഭിച്ചതെന്ന് വിവരിക്കാനാവശ്യപ്പെടുകയുണ്ടായി.

ഉച്ചഭക്ഷണശേഷം മാസ്റ്ററുടെ പ്രഭാഷണം പ്രദർശിപ്പിച്ചു. ഗുണാത്മക മനോഭാവത്തിൻെറ ആവശ്യകതയെ കുറിച്ചുള്ള പ്രഭാഷണത്തിനുശേഷം സ്നേഹം, ദയ, ത്യാഗം, ജീവിതാനുഭവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ തൽക്ഷണ നാടകങ്ങളും ഉണ്ടായിരുന്നു. സാഹോദര്യം, സ്നേഹം, ഒത്തൊരുമ, യോജിപ്പ് തുടങ്ങിയ സദ്ഗുണങ്ങളെ, ലക്ഷ്യത്തിൻെറ പ്രാധാന്യത്തെ കുറിച്ചുള്ള പൈപ്പും ബാളും ഉപയോഗിച്ചുള്ള ഒരു കളിയിലൂടെ കാണിച്ചു കൊടുത്തു. അവസാന വിഭാഗത്തിൽ ഗുരുവിൻെറ പ്രാധാന്യത്തെ കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും മുഴുവൻ പരിപാടികളും ആസ്വദിച്ചു.








## മുംബൈ, മഹരാഷ്ട്ര

ജുഹുവിലെ ബിൽബോങ്ങ് ഹൈ ഇൻെറർനാഷണൽ സ്കൂളിൽ വച്ച് മെയ് 23–ന ഒരു മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടി നടത്തി. സ്കൂളിൽ മൂല്യാധിഷ്ഠിത ക്ലാസ് നടത്താൻ അവിടുത്തെ പ്രിൻസിപ്പാൾ വളണ്ടിയർമാരെ ക്ഷണിച്ചിരുന്നു. വിദ്യാഭ്യാസത്തിൽ ജീവിത മൂല്യങ്ങള ഉൾപ്പെടുത്തുന്നതിനെപ്പറ്റി സഹോദരി രാഖീ അരോര നടത്തിയ അവതരണ പ്രസംഗത്തോടെ പരിപാടി ആരംഭിച്ചു. അതിനുശേഷം സമുദായത്തിൽ അധർമ്മ പ്രവർത്തികളാൽ ഉണ്ടാകുന്ന അനന്തര ഫലങ്ങളെപ്പറ്റിയും വീട്ടിലും സ്കൂളുകളിലും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെപ്പറ്റിയും സഹോദരി ലളിത സംസാരിച്ചു. അങ്ങിനെയാകുമ്പോൾ കുട്ടികളിൽ ആന്തരിക ശക്തി വളരും എന്നവർ പറഞ്ഞു. അതിനുശേഷം ഒരച്ഛൻേറയും മകൻെറയും ഹൃദയസ്പർശിയായ കഥ വീഡിയോ വഴി അവതരിപ്പിച്ചു. കുട്ടികളോടൊപ്പം സമയം ചിലവഴിക്കുന്നതിൻേറയും അവരെ നേരായ പാതയിൽ നയിച്ചുകൊണ്ട് പോകുന്നതിൻെറയും ആവശ്യകത ശ്രോതാക്കൾക്ക് മനസ്സിലായി. ഈ പരിപാടിക്കുശേഷം കുറച്ച് അധ്യാപകർ വളണ്ടിയർമാരുമായി അനൗപചാരിക സംഭാഷണം നടത്തി. ചിലർ സഹജമാർഗം മനസ്സിലാക്കാനും ധ്യാനം തുടങ്ങാനും താത്പ്പര്യം പ്രകടിപ്പിച്ചു.

## കാർക്കല, കർണ്ണാടക

2014 ജൂൺ 1ന കാർക്കല കേന്ദ്രത്തിൽ നടത്തിയ ഒരു മുഴുദിന പരിപാടിയിൽ 12 അഭ്യാസികൾ പങ്കെടുത്തു. മാസ്റ്ററുടെ പ്രഭാഷണത്തിൻെറ വീഡിയൊ പ്രദർശനത്തിനുശേഷം ഈ പരിപാടിയുടെ ആശയമായ 'സാധനയിൽ അഭ്യാസിയുടെ മനോഭാവം' എന്ന വിഷയം സഹോദരി നളിനി അവതരിപ്പിച്ചു. ശരിയായ മനോഭാവം വളർത്തിയെടുക്കുന്നതിൻെറ ആവശ്യകതയെപ്പറ്റിയും പത്ത് പ്രമാണങ്ങളുടെ കൃത്യമായ പരിശീലനം ഈ മനോഭാവം വളർത്തിയെടുക്കാൻ സഹായിക്കുമെന്നതിനെപ്പറ്റിയും അവർ സംസാരിച്ചു.

അവരവരുടെ ജീവിത ഉദ്ധേശ്യം, ദൈനംദിന പരിശീലനം എന്നിവ



അടിസ്ഥാനമാക്കി അവർക്ക് നൽകിയ ചില ചോദ്യങ്ങള വിശകലനം ചെയ്ത് സ്വയം വിലയിരുത്താൻ അഭാസികളോട് ആവശ്യപ്പെട്ടു. ഒരഭ്യാസിയുടെ ആദ്ധ്യാത്മിക വളർച്ചക്ക് ഹാനികരമായ കാര്യങ്ങളെപ്പറ്റിയും കൃയാത്മക മനോഭാവം വളർത്തിയെടുക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയും അവർ സംസാരിച്ചു. തദവസരത്തിൽ മാസ്റ്ററുടെ പ്രഭാഷണങ്ങളിൽ നിന്നെടുത്ത ചെറു ഭാഗങ്ങൾ പ്രദർശിപ്പിച്ചു. ഉച്ച ഭക്ഷണത്തിനുശേഷം മനോഭാവത്തെപ്പറ്റി ഗ്രൂപ് ചർച്ചയും കഥയും ഉണ്ടായിരുന്നു. പരിപാടിയുടെ അവസാനത്തിൽ അഭ്യാസികളെ രണ്ട് സംഘങ്ങളായി തിരിച്ച് ഇതിനു അൽപം മുമ്പ് പറഞ്ഞ കഥകളെ അടിസ്ഥാനമാക്കി ചെറുനാടകങ്ങൾ അവതരിപ്പിക്കാൻ ആവശ്യപ്പെട്ടു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

## ഷോളവന്ദൻ ആശ്രമം, തമിഴ്നാട്



'സഹജമാർഗവും കുടുംബജീവിതവും' എന്ന ആശയത്തെ ആസ്പദമാക്കി ഷോളവന്ദൻ ആശ്രമത്തിൽ വച്ച് മെയ് 25–ന നടത്തിയ ഒരു മുഴുദിന പരിപാടിയിൽ മധുരൈ, വാടിപ്പട്ടി, ഉസിലമ്പട്ടി, ചിന്നലപ്പട്ടി, ബാട്ലഗുണ്ടു എന്നിവിടങ്ങളിൽ നിന്നു വന്ന 150 അഭ്യാസികൾ പങ്കെടുത്തു. ഈ പരിപാടി നടത്താനായി ചെന്നൈയിൽ നിന്നു സഹോദരി കസ്തൂരി വെങ്കടാചലം, മധുരൈയിൽ നിന്നു സഹോദരൻ പളനിയപ്പൻ, ചിന്നലപ്പട്ടിയിൽ നിന്നു സഹോദരി സാവിത്രി എന്നിവരെ ക്ഷണിച്ചിരുന്നു.

സഹോദരി കസ്തൂരിയുടെ പ്രസംഗത്തോടുകൂടിയാണ് പരിപാടി ആരംഭിച്ചത്. ഗുരുവും ശിഷ്യനുമായുള്ള ബന്ധം പല ജന്മങ്ങളായി തുടരുന്ന ഒന്നാണെന്ന് ഈ പ്രസംഗത്തിൽ അവർ വിവരിച്ചു. സഹോദരൻ പളനിയപ്പൻ പ്രമാണങ്ങൾ 5–ഉം 7–ഉം വളരെ ഭംഗിയായി വിവരിച്ചു. ദുരിതങ്ങൾ ദൈവത്തിൽ നിന്നു വരുന്ന അനുഗ്രഹങ്ങളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സഹോദരി സാവിത്രിയുടെ പ്രസംഗത്തിൽ കുടുംബജീവിതം ഒരഭ്യാസിക്ക് എത്ര പ്രാധാന്യമുള്ളതാണെന്ന് ഊന്നിപ്പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം സഹജമാർഗ പരിശീലനം ആരംഭിച്ചതിനുശേഷം അഭ്യാസികളിൽ വരുന്ന ആന്തരിക മാറ്റങ്ങളെപ്പറ്റി ചർച്ച ചെയ്തു. ഒരു ചെറിയ പ്രസംഗത്തോടുകൂടി സഹോദരി കസ്തൂരി ചർച്ച അവസാനിപ്പിച്ചു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

# ഗാങ്ങ്ടോക് ആശ്രമം, സിക്കിം

## പ്രകാശകേന്ദ്രങ്ങൾ





കിഴക്കൻ ഹിമാലയത്തിലെ ബൃഹത്തായ കൻചൻജുംഗ പർവതത്തിൻെറ മടിയിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ സംസ്ഥാനമായ സിക്കിമൻെറ തലസ്ഥാനമാണ് ഗാങ്ങ്ടോക്. പടിഞ്ഞാറു ഭാഗത്ത് നേപാൾ, വടക്കു ഭാഗത്ത് ടിബെറ്റ്, കിഴക്കു ഭാഗത്ത് ഭൂട്ടാൻ എന്നീ മൂന്ന് അന്യ രാജ്യങ്ങളുമായി അതിർത്തി പങ്ക് വക്കുന്ന സംസ്ഥാനമാണ് സിക്കിം. വേഗത്തിൽ ഒഴുകുന്ന അരുവികൾ, ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന തടാകങ്ങൾ, ഹിമസംഹതകൾ, വനം എന്നിവ നിറഞ്ഞിരിക്കുന്ന ഒരു പ്രകൃതിരമണീയമായ സംസ്ഥാനമായാണ് സിക്കിം അറിയപ്പെടുന്നത്.

2005 നവംബറിലാണ് ഈ കേന്ദ്രം തുടങ്ങിയത്. അപ്പോൾ ഞായറാഴ്ച്ച സത്സംഗം ഒരഭ്യാസിയുടെ വീട്ടിൽ വച്ചാണ് നടത്തിയിരുന്നത്. 2009 നവംബറിൽ മാസ്റ്റർ ഗാങ്ങ്ടോക് സന്ദർശിച്ചപ്പോൾ സിക്കിം അനുഗ്രഹിക്കപ്പെട്ടു. അദ്ദേഹം മൂന്നു ദിവസം അവിടെ താമസിച്ചു. ആ ദിവസങ്ങൾ പരമാനന്ദ പൂർവകമായിരുന്നു; അദ്ദേഹം സന്തോഷവാനുമായിരുന്നു. സിക്കിമിൽ ഒരു കേന്ദ്രം തുടങ്ങാനുള്ള വേര് അപ്പോഴാണ് മു ളച്ചത്.

2011-ൽ സിക്കിം സർക്കാർ മിഷന് 0.33 ഏക്കർ സ്ഥലം നൽകാൻ തീരുമാനിച്ചു. നഗരത്തിൻെറ ഹൃദയഭാഗത്തു തന്നെയായിരുന്നു ഈ സ്ഥലം. ഈ സ്ഥലത്ത് ഒരാശ്രമം നിർമ്മിക്കാൻ മാസ്റ്റർ അനുവാദം നൽകി. 2011 സെപ്പമ്പർ 2-ന സ്ഥലത്തേക്കുള്ള പാതയുടേയും സ്ഥലത്തിനു ചുറ്റുമുള്ള മതിലിൻേറയും പണി തുടങ്ങി. പ്രകൃതി മനുഷ്യൻെറ ഇച്ഛാശക്തിയേയും വിശ്വാസത്തേയും പരീക്ഷിക്കുമത്രെ. അത്തരമൊരു പരീക്ഷണം ഇവിടേയുമുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി കേവലം 6 ദിവസം കഴിഞ്ഞ 2011 സെപ്റ്റമ്പർ 18-ന ഒരു അതി ഭയങ്കരമായ ഭൂമികുലുക്കം സിക്കിമിൽ ഉണ്ടായി. അതിനാൽ ഭൂമികുലുക്കം ആശ്രമത്തെ ബാധിക്കാതിരിക്കാൻ പറ്റും വിധത്തിൽ ആശ്രമത്തിൻെറ രൂപാങ്കനത്തിൽ മാറ്റങ്ങൾ വരുത്തി 2012 മാർച്ചിൽ നിർമ്മാണം പുനരാരംഭിച്ചു. മസ്റ്ററുടെ കൃപയാൽ ശക്തിയായ മഴ, കുത്തനെയുള്ള പ്രദേശം എന്നിവയാലുള്ള വെല്ലുവിളികൾ നേരിടാൻ കഴിഞ്ഞു. മാസ്റ്ററുടെ നിർദ്ദേശമനുസരിച്ച് കെട്ടിടം അന്തരീക്ഷവുമായി ഇണങ്ങിച്ചേരുന്ന വിധത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. സ്ഥലം ചെറുതാണെങ്കിലും ഇവിടെ എല്ലാ സൗകര്യങ്ങളുമുണ്ട്. 200 പേർക്കിരിക്കാൻ പറ്റുന്ന ധ്യാനമന്ദിരം, പ്രെസിഡണ്ടിൻെറ ഓഫിസ്, ഭക്ഷണശാല, സാധനങ്ങൾ സൂക്ഷിക്കാൻ സൗകര്യമുള്ള പാചകശാല, കുട്ടികൾക്കുള്ള കളിയിടം, 20 അഭ്യാസികൾക്ക് താമസിക്കാൻ സൗകര്യമുള്ള മുറികളും ശൗചാലയവും ഇവിടെ ഉണ്ട്. ശുദ്ധജലം ഒഴുകുന്ന രണ്ട് അരുവികൾ ആശ്രമത്തിൻെറ രണ്ടു ഭാഗത്തുകൂടി ഒഴുകുന്നു. വടക്കു-പടിഞ്ഞാറു ഭാഗത്ത് അതിമനോഹരമായ താഴ്വര.

2013 ജൂലൈ 22 ഗുരുപൂർണിമ ദിവസം മാസ്റ്റർ ചെന്നൈയിലിരുന്ന് ആശ്രമം ഉത്ഘാടനം ചെയ്തു. ഗാങ്ങ്ടോക്കിലെ അഭ്യാസികൾ അപ്പോൾ അവിടെ സന്നിഹിതരായിരുന്നു. ആശ്രമത്തിൻെറ DVD അവരുടെ വശം ഉണ്ടായിരുന്നു. ഉത്ഘാടനത്തിനുശേഷം മാസ്റ്റർ "കമലേഷ്, ബാബുജി അനുവദിക്കുകയാണെങ്കിൽ എനിക്കീ സ്ഥലം സന്ദർശിക്കണം…" എന്നു പറഞ്ഞു.


To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2014 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.